# കേരള സർവകലാശാല

നം. പി.ആർ.207/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ/ബി.എസ്‌സി/ബി.കോം പരീക്ഷ

കേരള സർവകലാശാല ഒക്ടോബറിൽ നടത്തുന്ന രണ്ടും നാലും സെമസ്റ്റർ ബി.എ/ബി.എസ്‌സി/ബി.കോം (2013-ന് മുമ്പുള്ള അഡ്മിഷൻ മാത്രം) സി.ബി.സി.എസ്.എസ് & കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്, ഡിഗ്രി പരീക്ഷകൾക്ക് സെപ്റ്റംബർ 22 മുതൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴ കൂടാതെ ഒക്ടോബർ മൂന്ന് (50 രൂപ പിഴയോടെ ഒക്ടോബർ അഞ്ച്, 125 രൂപ പിഴയോടെ ഒക്ടോബർ ഏഴ്) വരെ ഫീസടച്ച് രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് പരീക്ഷ

കേരള സർവകലാശാല ഒക്ടോബർ 25-ാം തീയതി ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ് (ദ്വിവത്സര പ്രോഗ്രാം- 2015 സ്കീം - റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 28(50 രൂപ പിഴയോടെ ഒക്ടോബർ നാല്, 125 രൂപ പിഴയോടെ ഒക്ടോബർ ആറ്) വരെ ഫീസടച്ച് അപേക്ഷിക്കാം.

## ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് / ബി.സി.എ മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല സ്കൂൾ ഓഫ് ഡിസ്റ്റന്റ് എഡ്യുക്കേഷന്റെ കീഴിലുള്ള ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് / ബി.സി.എ കോഴ്സുകളുടെ 2016 ഒക്ടോബറിൽ നടത്തിയ ഒന്നാം വർഷ സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ (ഓൺലൈൻ) തിരുവനന്തപുരം ജില്ലാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയവർ പാളയം എസ്.ഡി.ഇ-യുടെ ഓഫീസിൽ നിന്നും കൊല്ലം ജില്ലാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയവർ കൊല്ലം എഫ്.എം.എൻ കോളേജിൽ നിന്നും മറ്റുള്ള ജില്ലാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയവർ ചേർത്തല എസ്.എൻ കോളേജിൽ നിന്നും സെപ്റ്റംബർ 25, 26, 27, 28 തീയതികളിൽ കൈപ്പറ്റേണ്ടതാണ്.

## ബി.വോക്ക് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.വോക്ക്(352) (ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്) (2015 അഡ്മിഷൻ- റഗുലർ & 2014 അഡ്മിഷൻ- ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എ ഡാൻസ് പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ ബി.പി.എ ഡാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 25 മുതൽ 28 വരെ ശ്രീ സ്വാതിതിരുന്നാൾ സംഗീതകോളേജിൽ വച്ച് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ക്ലാസുകൾ ഇല്ല

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും സെപ്റ്റംബർ 29, 30, ഒക്ടോബർ ഒന്ന്,രണ്ട് തീയതികളിൽ ക്ലാസ് ഉണ്ടായിരിക്കില്ല.

## പുനക്രമീകരിച്ച തീയതി

കേരള സർവകലാശാല സെപ്റ്റംബർ 18-ന് അവധി മൂലം പുനക്രമീകരിച്ച പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി (2017 ആഗസ്റ്റ്) വൈവവോസി പരീക്ഷ മാർഗ്രിഗോറിയസ് കോളേജ് ഓഫ് ലാ-യിൽ സെപ്റ്റംബർ 26-ന് നടത്തും.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല ഒക്ടോബർ നാലാം തീയതി ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ (2009 സ്കീം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ ഫലം

കേരള സർവകലാശാല 2017 ജൂലൈയിൽ നടത്തിയ ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷമപരിശോധനയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ മൂന്ന്.

## ബി.എസ്സി പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല 2017 ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ മൂന്ന് മുതലും ബി.എസ്സി കെമസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രിയുടെ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ ആറ് മുതലും അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കേരള സർവകലാശാല 2017 ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 25 മുതലും, ബി.എസ്സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റിന്റെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 26 മുതലും അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.

22.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098